(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് എറണാകുളം ജില്ലയിലെ കുന്നുകരയിലും കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവിലും ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പ്രദേശങ്ങളിലെ പാലുല്പാദന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കി പ്രാദേശിക സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യമിട്ടാണ് ടി പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്.

(സി) ക്ഷീരഗ്രാമം ആരംഭിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്ന വിഷയം തത്കാലം പരിഗണനയിലില്ല.

(ഡി) കുന്നുകര ക്ഷീരഗ്രാമം പദ്ധതിക്കും പൊട്ടംപ്ലാവ് ക്ഷീരഗ്രാമം പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തവയായതിനാൽ നിലവിൽ വകുപ്പിനനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽനിന്നും റീ-അപ്രോപ്രിയേഷൻ മുഖേന തുക കണ്ടെത്തി പൊട്ടംപ്ലാവ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. കുന്നുകര ക്ഷീരഗ്രാമം പദ്ധതിക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത

83 (3050) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും കന്നുകാലി സംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരോത്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാനത്ത് എത്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പാലിന്റെ വില വർദ്ധിപ്പിച്ചാലും വർദ്ധനവിന്റെ പൂർണ്ണമായ ഫലം ക്ഷീരകർഷകർക്ക് ലഭിക്കുന്നില്ലെന്ന ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് പുതിയതായി എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ക്ഷീര കാർഷിക രംഗത്തേക്ക് കൂടുതൽപേരെ ആകർഷിക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് കർഷകർക്ക് ഡയറി യൂണിറ്റ് തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന എം.എസ്.ഡി.പി. സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, തീറ്റപ്പുൽക്കൃഷി ധനസഹായം അനുവദിക്കുന്ന തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ, ക്ഷീരസംഘങ്ങളുടെ ശാക്തീകരണം, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ മിനി ഡയറി പദ്ധതി, കിടാരികളുടെ ദത്തെടുക്കൽ പദ്ധതി, പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, മൃഗചികിത്സാ സഹായം, കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉല്പാദന വർദ്ധനവിനുവേണ്ട വിരമരുന്നും മറ്റ് ഉല്പന്നങ്ങളും നൽകുക എന്നീ പദ്ധതികളും എറണാകുളം മേഖലാ യൂണിയൻ വേനൽക്കാല അധികവില, പശുക്കളെ വാങ്ങുന്നതിനുള്ള ലോണിനു പലിശ സബ്സിഡി, സബ്സിഡി നിരക്കിൽ വയ്ക്കോൽ വിതരണം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, കിടാരി വളർത്തലിന് 50% നിരക്കിൽ കാലിത്തീറ്റ, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, പട്ടികജാതി വനിതകൾക്ക് കിടാരി വളർത്തൽ യൂണിറ്റ്, കർഷകർക്ക് പാൽപാത്രങ്ങളും ക്ലീനിംഗിനുള്ള രാസവസ്തുക്കളും നൽകുക, സംഘങ്ങൾക്ക് പാൽ ക്യാനുകളും ടെസ്റ്റിംഗ് ഉപകരണങ്ങളും നൽകുക, സംഘങ്ങൾക്ക് ഇൻസെന്റീവ്, സംഘങ്ങൾക്ക് ക്യാനുകൾ, സെർട്ടിഫൈജ് എന്നിവ വാങ്ങുന്നതിന് സബ്സിഡി, കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലന പരിപാടികൾ, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം എന്നീ പദ്ധതികളും മലബാർ മേഖലാ യൂണിയൻ കിടാരി സംരക്ഷണ പദ്ധതി, നിലമ്പൂർ, അട്ടപ്പാടി പ്രദേശത്തെ കർഷകർക്ക് പശുക്കളെ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്നതിന് സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്, സംസ്ഥാന സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ ക്ഷീരവികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, പച്ചപ്പുല്ലും മറ്റ് ഉല്പാദനോപാധികൾ കർഷകർക്ക് ലഭ്യമാക്കുക, ഡയറി ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുക, എൻ.ഡി.പി., എൻ.പി.ഡി.ഡി., ആർ.കെ.വി.വൈ. മുതലായ പദ്ധതികൾവഴി ക്ഷീരോല്പാദന വർദ്ധനവിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. കൂടാതെ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നുണ്ട്.

(ബി&സി) പാൽവില വർദ്ധിപ്പിച്ചാലും വർദ്ധനവിന്റെ ഫലം ക്ഷീര കർഷകർക്ക് ലഭിക്കുന്നില്ലെന്ന തരത്തിലുള്ള ഏതാനും പരാതികൾ ഉണ്ടായിട്ടുണ്ട്. ടി പരാതികൾ ജില്ലാതലത്തിൽ അന്വേഷണം നടത്തിയതിൽനിന്നും പാൽവില വർദ്ധിപ്പിച്ചതിന് ആനുപാതികമായി ക്ഷീരകർഷകർക്ക് വില ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ട്. മിൽമയുടെ ഭരണസമിതി എക്കാലവും ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും മിൽമ കർഷകർക്ക് പരമാവധി സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിന് വകുപ്പിന്റെ അഞ്ച് ക്ഷീര പരിശീലനകേന്ദ്രങ്ങൾവഴി പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. മിൽമ, തൈര്, ഐസ്ക്രീം, നെയ്, പേഡ, പാലട മിക്സ്, വെണ്ണ, പനീർ മുതലായവയുള്ള പുതിയ പ്ലാന്റുകൾ തുടങ്ങിയിട്ടുണ്ട്. ഉത്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി വിതരണക്കാരെ നിയമിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള പ്ലാന്റുകളുടെ നവീകരണ പ്രവർത്തനങ്ങളും പ്രവർത്തനശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുന്നുണ്ട്.

(ഇ) ക്ഷീരകാർഷിക രംഗത്തേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും നിലവിലുള്ളവരെ ഈ മേഖലയിൽ തുടർന്നും നിലനിർത്തുന്നതിനും എംഎസ്.ഡി.പി., കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി എന്നിവ നടപ്പാക്കുന്നുണ്ട്. കൂടാതെ ആകസ്മികമായി കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് കണ്ടിൻജൻസി ഫണ്ട് രൂപീകരിച്ച് ധനസഹായം നൽകുക, മികച്ച ക്ഷീരകർഷകരെ ക്യാഷ് അവാർഡ് നൽകി ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളും വകുപ്പ് നടപ്പാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കിടാരി സംരക്ഷണ പദ്ധതി, പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, പച്ചപ്പുല്ല്, മറ്റ് ഉല്പാദനോപാധികൾ എന്നിവ കർഷകർക്ക് നൽകിവരുന്നു. ഇതുകൂടാതെ National Dairy Plan-I പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP), Village -Based Milk Procurement System (VBMPS) എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയും നൽകുന്നുണ്ട്.

ഇ-ലൈബ്രറികൾ

84 (3051) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക വികാസം സാംസ്കാരിക മേഖലയിൽ വേണ്ടത്ര തരത്തിൽ സ്വാധീനിച്ചിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ വികാസം സാംസ്കാരിക മേഖലയിൽ കൂടുതൽ സജീവമാക്കുന്നതിന് ഇ-ലൈബ്രറികൾ ജില്ലാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇ-ലൈബ്രറികൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കലാകാര പെൻഷൻ

85 (3052) <u>ശ്രീ. എ. എ. അസീസ്</u> :

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കലാകാര പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly